"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം ജില്ലയിലെ കരിവേപ്പ് വീട്ടിൽ, വെള്ളിനക്കാട്, തിരൂരങ്ങാടിയിൽ താമസിച്ചിരുന്ന സാക്ഷരത പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ശ്രീമതി കെ.വി.റാബിയ എന്നവർ കാൻസർ, കരൾ രോഗങ്ങൾ മൂലം ചികിത്സയിലിരിക്കെ മരണപ്പെട്ടതിനാൽ അനന്തരാവകാശിയായ ശ്രീമതി.ആരിഫയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്**

സ.ഉ.(കൈ) നം.213/2025/RD തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:- മലപ്പുറം ജില്ലാ കളക്ടറുടെ 07.04.2025-ലെ DCMPM/4891/2025-G3 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കരിവേപ്പ് വീട്ടിൽ, വെള്ളിനക്കാട്, തിരൂരങ്ങാടിയിൽ താമസിച്ചിരുന്ന സാക്ഷരത പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ശ്രീമതി കെ.വി.റാബിയ എന്നവർ കാൻസർ, കരൾ രോഗങ്ങൾ മൂലം കോട്ടയ്ക്കൽ ALMAS ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടതിനാൽ ചികിൽസയ്ക്ക് ചിലവായ 2,86,293/- രൂപ ടിയാളുടെ അനന്തരാവകാശികളായ മൂന്ന് സഹോദരിമാരിൽ ഒരാളായ ശ്രീമതി.ആരിഫയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) വിതരണത്തിന് ആവശ്യമായി വരുന്ന തുകയായ **2,86,293/- രൂപ** (രണ്ട് ലക്ഷത്തി എൺപത്തി ആറായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 15-07-2025 09:34:30
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ ക്ക്

പൊതുഭരണ (എസ്.സി) വകുപ്പിന് ( 10.07.2025-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ 3107 പ്രകാരം)

റവന്യൂ (ഡി.ആർ.എഫ്-എ, സി) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(DRF-B1/9/2025-REV)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2025

ഫയൽ നം. റവ-ഡി.ആർ.എഫ്.-ബി1/9/2025/റവ. ഇനം നം: 3107

വിഷയം : റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ കരിവേപ്പ് വീട്ടിൽ, വെള്ളിനക്കാട്, തിരൂരങ്ങാടിയിൽ താമസിച്ചിരുന്ന സാക്ഷരത പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ശ്രീമതി. കെ. വി. റാബിയ കാൻസർ, കരൾ രോഗങ്ങൾക്ക് കോട്ടയ്ക്കൽ ALMAS ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടതിനാൽ അനന്തരാവകാശിയായ ശ്രീമതി. ആരിഫയ്ക്ക് ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3107

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിലുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : റവ-ഡി.ആർ.എഫ്.ബി1/9/2025-റവ. |
| 2. | വകുപ്പ് | : റവന്യൂ(ഡി.ആർ.എഫ്-ബി)വകുപ്പ് |
| 3. | വിഷയം | മലപ്പുറം ജില്ലയിലെ കറിവേപ്പ് വീട്ടിൽ, വെള്ളിനക്കാട്, തിരൂരങ്ങാടിയിൽ താമസിച്ചിരുന്ന സാക്ഷരത പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ശ്രീമതി കെ.വി.റാബിയ എന്നവർ കാൻസർ, കരൾ രോഗങ്ങൾക്ക് കോട്ടയ്ക്കൽ ALMAS ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടതിനാൽ അനന്തരാവകാശിയായ ശ്രീമതി.ആരിഫയ്ക്ക് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 23/06/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായിആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. ജയശ്രീ.റ്റി.കെ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ. എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24.06.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 27.06.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 30.06.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 01.07.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിലെ കറിവേപ്പ് വീട്ടിൽ, വെള്ളിനക്കാട്, തിരൂരങ്ങാടിയിൽ താമസിച്ചിരുന്ന സാക്ഷരത പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ശ്രീമതി കെ.വി.റാബിയ എന്നവർ കാൻസർ, കരൾ രോഗങ്ങൾ മൂലം കോട്ടയ്ക്കൽ ALMAS ആശുപത്രിയിൽ ചികിത്സയിലിരിക്കെ D250502294 നമ്പർ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടിയാൾ 04.05.2025-ന് മരണപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ ടിയാളുടെ അനന്തരാവകാശികളായ മൂന്ന് സഹോദരിമാരിൽ ഒരാളായ ശ്രീമതി.ആരിഫയുടെ പേരിൽ ധനസഹായം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2 മലപ്പുറം ജില്ലയിലെ കറിവേപ്പ് വീട്ടിൽ, വെള്ളിനക്കാട്, തിരൂരങ്ങാടിയിൽ താമസിച്ചിരുന്ന സാക്ഷരത പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ശ്രീമതി കെ.വി.റാബിയ എന്നവർക്ക് കാൻസർ, കരൾ രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം ചികിത്സയ്ക്ക് ചിലവായ തുക ആകെ 2,86,293/- രൂപ (രണ്ട് ലക്ഷത്തി എൺപത്തി ആറായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ആണ്. എന്നാൽ ചികിൽസയ്ക്കിടെ ടിയാൾ 04.05.2025-ന് മരണപ്പെടുകയും. മരണപ്പെട്ട ശ്രീമതി കെ.വി.റാബിയയുടെ അനന്തരാവകാശികളായ മൂന്ന് സഹോദരിമാരിൽ ഒരാളായ ശ്രീമതി.ആരിഫയുടെ പേരിൽ ധനസഹായം നൽകുന്നതിനുള്ള സമ്മതപത്രം സമർപ്പിക്കുകയുമുണ്ടായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ടിയാൾക്ക് അനുവദിക്കുന്ന വിഷയത്തിൽ തീരുമാനത്തിനായി ഫയൽ (D250502294 )CMDRF Portal വഴി പരിശോധിച്ച് സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കാൻസർ, കരൾ രോഗങ്ങൾ മൂലം കോട്ടയ്ക്കൽ ALMAS ആശുപത്രിയിൽ മരണപ്പെട്ട സാക്ഷരത പ്രവർത്തകയും പത്മശ്രീ അവാർഡ് ജേതാവുമായ ശ്രീമതി കെ.വി.റാബിയയുടെ ചികിൽസയ്ക്ക് ചിലവായ 2,86,293/- രൂപ ടിയാളുടെ അനന്തരാവകാശികളായ മൂന്ന് സഹോദരിമാരിൽ ഒരാളായ ശ്രീമതി.ആരിഫയുടെ പേരിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായമായി അനുവദിക്കാമോ?